LIBRARY ARCHIVES Kerala Legislative Assembly

യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഗോത്രകലാമേള

221 (8057) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഗോത്രകലാമേള സംഘടിപ്പിക്കുന്നതിനുള്ള പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പരിപാടിവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പരിപാടിവഴി എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ ഗോത്ര വർഗ്ഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് എല്ലാ വർഷവും ഗോത്രവർഗ്ഗ കലാമേളകൾ സംഘടിപ്പിച്ചുവരുന്നു. അന്യം നിന്നു പോകുന്ന ഗോത്രവർഗ്ഗ സംസ്കാരത്തെ പരിപോഷിപ്പിക്കുക, തനത് സാംസ്കാരിക മൂല്യങ്ങളേയും വ്യത്യസ്തമായ ആചാരാനുഷ്ഠാനങ്ങളേയും വിശ്വാസങ്ങളേയും തനത് കലകളേയും പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുക എന്നിവയാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

(സി) സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും യുവജനകാര്യ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ ദേശീയതലത്തിൽ "ഗോത്രായനം" എന്ന പേരിൽ വയനാട് ജില്ലയിലെ മാനന്തവാടി വള്ളിയൂർക്കാവ് ക്ഷേത്ര മൈതാനത്ത് വച്ച് 2012 ഏപ്രിൽ 30 മുതൽ മേയ് 4 വരെ ദേശീയ ഗോത്രവർഗ്ഗ കലാമേള അതിവിപുലമായി സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയോടനുബന്ധിച്ച് വിവിധ സംസ്ഥാനങ്ങളിലെ ഗോത്രവർഗ്ഗ കലകളുടെ അവതരണം, എക്സിബിഷൻ, സെമിനാറുകൾ, സാഹസിക പരിപാടികൾ, ഭക്ഷ്യമേള, ഫ്ലവർ ഷോ, മെഗാഷോ എന്നിവ സംഘടിപ്പിച്ചു. കേരളമുൾപ്പെടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമായി അഞ്ഞൂറോളം ആദിവാസി വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾ പരിപാടിയിൽ പങ്കെടുത്തു. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹകരണത്തോടുകൂടി 2013 നവംബർ 1 മുതൽ 4 വരെ കൊല്ലം ജില്ലയിലെ ഓച്ചിറയിൽ വച്ച് "ഗോത്രതാളം" എന്ന പേരിൽ സംസ്ഥാന ഗോത്രവർഗ്ഗ കലാമേള സംഘടിപ്പിച്ചു. ഇതിന്റെ

ഭാഗമായി ഗോത്രവർഗ്ഗ യുവജനങ്ങളുടെ കലാപരിപാടികൾ, വംശീയ വൈദ്യം, ആവികുളി, വംശീയ ഭക്ഷണം, കരകൗശല വസ്തുക്കൾ, കാർഷിക വിഭവങ്ങൾ, വനവിഭവങ്ങൾ എന്നിവയുടെ പ്രദർശനം ഉൾക്കൊള്ളിച്ചുള്ള എക്സിബിഷൻ, നിയമബോധവൽക്കരണം, പ്രൊട്ടക്ഷൻ ഓഫ് സിവിൽ റൈറ്റ്സ്, വനാവകാശ നിയമം എന്നീ വിഷയങ്ങളെ ആസ്പദമാക്കിക്കൊണ്ടുള്ള സെമിനാറുകൾ എന്നിവയും കൂടാതെ "ആദരണീയം" എന്ന പരിപാടിയും സംഘടിപ്പിച്ചു.

(ഡി) ഗോത്രവർഗ്ഗ കലാമേളകൾ സംഘടിപ്പിക്കുന്നതിലേക്കായി സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹകരണം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ

222 (8058) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജന ക്ഷേമ ബോർഡു മുഖേന വിദ്യാഭ്യാസ, സാമൂഹ്യ, സാംസ്കാരിക മേഖലകളിൽ നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കാമോ ;

(ബി) എം.എൽ.എ. മാരുടെ ശുപാർശ പ്രകാരം പ്രസ്തുത മേഖലകളിൽ സന്നദ്ധ സംഘടനകൾ, യുവജന ക്ലബ്ബുകൾ എന്നിവ വഴി നടപ്പാക്കുന്ന പ്രോജക്ടുകൾക്ക് ബോർഡ് ധനസഹായം നൽകുന്നുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

(സി) ബോർഡിൽ നിന്ന് പദ്ധതികൾക്ക് ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരളോത്സവം, ഗോത്രവർഗ്ഗ കലാമേള, ദേശീയോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ്, സാഹിത്യ ക്യാമ്പ്, ജേർണലിസ്റ്റ് ക്യാമ്പ്, ഇന്റർനാഷണൽ/ഇന്റർസ്റ്റേറ്റ് യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, യൂത്ത് അവാർഡ്, വനിതാ ശില്പശാല, ഡി.റ്റി.പി./പി.എസ്.സി. പരിശീലനം, വിവിധ ദിനാചരണങ്ങൾ, സംസ്ഥാന നാടക ക്യാമ്പ്, വ്യവസായ സംരംഭകത്വം, സാഹസിക പരിപാടികൾ, നാടൻ കലാമേളകൾ, സ്വയംതൊഴിൽ-കാർഷിക പദ്ധതികൾ, ബോധവൽക്കരണ-വ്യക്തിത്വ വികസന ക്യാമ്പുകൾ, സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം, ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടി, ഐ.ബി.പി.എസ്. കോച്ചിംഗ്, സംസ്ഥാന പെയിന്റിംഗ് ശില്പശാല, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, ജീവദായിനി, സ്പോർട്സ് കിറ്റ്, പുനർജ്ജനി എന്നീ പദ്ധതികൾ വിദ്യാഭ്യാസ-സാമൂഹ്യ-സാംസ്കാരിക മേഖലകളിൽ നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly